(ഇ) ഈ ബണ്ട് കെട്ടുന്നതിന് ഒരു കിലോമീറ്റർ താഴെ കൂനനാത്തിലിചോട്ടിൽ ഒരു ഓട്ടോമാറ്റിക് ഷട്ടർ വേനൽക്കാലത്ത് ഉപ്പുവെള്ളം കയറാതിരിക്കാൻ ഉണ്ടെന്നകാര്യം അറിയുമോ;

(എഫ്) കിൻഫ്രാ ഈ ബണ്ട് കെട്ടുന്നതുമൂലം പെരുമ്പാവൂർ മുതൽ 20 കി.മീ. ദൂരത്ത് നിന്ന് വരുന്ന വെള്ളം കെട്ടിനിന്ന് ആയിരത്തോളം ഏക്കർ ഭൂമി കൃഷി നശിച്ചുപോയ വിവരം അറിവുണ്ടോ;

(ജി) ഈ കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കാനും ബണ്ട് പൊളിച്ചു നീക്കാനുമുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരുജലം അടിത്തട്ടിൽകൂടി കയറുന്നതു തടയുന്നതിനു വേണ്ടിയാണ് ബണ്ടു നിർമ്മിക്കുന്നത്. കിൻഫ്രാ കെട്ടുന്ന ബണ്ട് ജലനിരപ്പിൽ നിന്ന് ഏകദേശം ആറടിയോളം താഴെ അടിത്തട്ടിലാണ്. ഇതിനായി ഒരു റിങ്ങ് ബണ്ട് ആവശ്യമാണ്. ജലഗതിയെ തടസ്സപ്പെടുത്താത്ത വിധം ഒരു ചെറിയ ഭാഗം മാത്രം താല്ക്കാലിക തടയണകൊണ്ട് വേർതിരിച്ചിട്ടുണ്ട്. ഇതിന് മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(സി) 47 ലക്ഷം രൂപയുടെ മൊത്തം എസ്റ്റിമേറ്റിൽ ഈ പദ്ധതിക്കു വേണ്ടി ഏകദേശം 20 ലക്ഷത്തോളം രൂപ ചെലവഴിച്ചുകഴിഞ്ഞു. കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ചീഫ് എഞ്ചിനീയറായി റിട്ടയർ ചെയ്ത ശ്രീ. ശങ്കര സുബ്രഹ്മണ്യ അയ്യരാണ് ഇക്കാര്യത്തിൽ സാങ്കേതിക ഉപദേശം നൽകുന്നത്.

(ഡി) ഇല്ല. കിൻഫ്ര പാർക്കിൽ വരുന്ന കമ്പനികൾക്ക് യുദ്ധജലം വിതരണം ചെയ്യുന്നതിനുവേണ്ടിയാണ്. കെ.സി.പി.എൽ-ന് ഒരു ശുദ്ധജല പദ്ധതി ഉണ്ടെന്നകാര്യം അറിവുള്ളതാണ്.

(ഇ) അറിയാം.

(എഫ്) ഇല്ല.

(ജി) ഉദിക്കുന്നില്ല.

കാപ്പെക്സിന്റെയും കശുവണ്ടി വ്യവസായ കോർപ്പറേഷന്റേയും പ്രവർത്തനം

33 (2830) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനമായ കാപ്പെക്സ് എന്നിവയുടെ കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ കാലയളവിൽ ഈ രണ്ട് സ്ഥാപനങ്ങളും സംസ്ഥാനത്ത് നിന്നും സംഭരിച്ച കശുവണ്ടി എത്ര; പുറത്തുനിന്നും ഇറക്കുമതി ചെയ്തതോട്ടണ്ടി എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സ്ഥാപനങ്ങളിലെ ഏതൊക്കെ ഉദ്യോഗസ്ഥന്മാരുടെ പേരിൽ അന്വേഷണങ്ങൾ നടക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ കഴിഞ്ഞ മൂന്നു വർഷങ്ങളിലായി കൂടുതൽ തോട്ടണ്ടി വാങ്ങി കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് കൂടുതൽ ദിവസം ജോലി നൽകിവരിക യാണ്. 1997 ൽ 60 ദിവസവും, 1998 ൽ 80 ദിവസവും 1999 ൽ ഇതുവരെ 50 ദിവസവും തൊഴിൽ നൽകിയിട്ടുണ്ട്. കാപ്പെക്സിൽ കഴിഞ്ഞ മൂന്നുവർഷ മായി ഗവൺമെന്റിൽനിന്നും ലഭിച്ച സാമ്പത്തിക സഹായങ്ങളുടെ ഫലമായി 96-ൽ 40 ദിവസവും, 97-ൽ 81 ദിവസവും, 98-ൽ 40 ദിവസവും, 99-ൽ നാളിതു വരെ 70 ദിവസവും തൊഴിലാളികൾക്ക് ജോലി നൽകാൻ കഴിഞ്ഞു. 99 വർഷം കുറഞ്ഞത് 125 ദിവസം എങ്കിലും തൊഴിൽ നൽകാനുള്ള തീവ്രപ രിശ്രമത്തിലാണ്. മേൽപ്പറഞ്ഞ രണ്ടു സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്ത നങ്ങൾക്കായി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും അതിന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തികവർഷം കോർപ്പറേഷന് ഒരു കോടി രൂപ നൽകിയിട്ടുണ്ട്. ഈ ആവശ്യത്തിനും കശുമാവുകൃഷി ചെയ്യാനു മായി ഇക്കൊല്ലം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെതന്നെ കാപ്പെക്സിന് കഴിഞ്ഞ വർഷം 50 ലക്ഷം രൂപ നൽകി. ഈ വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ കഴിഞ്ഞ 3 വർഷങ്ങളിൽ സംസ്ഥാനത്തുനിന്നും സംഭരിച്ച തോട്ടണ്ടിയുടെ യും, ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെയും തരംതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:-

വർഷം	കേരളത്തിൽ നിന്നും സംഭരിച്ചത്	ഇറക്കുമതി ചെയ്തത്
1997	2181 മെ.ടൺ	9427 മെ.ടൺ
1998	853 "	13595 "
1999 (8.7.99 വരെ)	1284 "	8359 "

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാപ്പെക്സ് ആഭ്യ ന്തരമായി സംഭരിച്ച തോട്ടണ്ടിയുടെയും വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെയും തരംതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

വർഷം	കേരളം ഉൾപ്പെടെയുള്ള സംസ്ഥാനത്ത് നിന്നും സംഭരിച്ചത്.	വിദേശത്ത് നിന്നും ഇറക്കുമതി ചെയ്തത്.
1996-97	2059 മെ.ടൺ	-
1997-98	3853.5 മെ.ടൺ	-
1998-99	1781 മെ. ടൺ	1500

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള കശുവണ്ടി വികസന കോർപ്പറേഷനിൽ തോട്ടണ്ടി ഇറക്കുമതിയുമായി ബന്ധപ്പെട്ട ജോലികൾക്ക് വിദേശത്തിലേക്ക് നിയോഗിച്ചിട്ടുള്ള ചുവടെ പേരുവിവരം പറയുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ ഗാർഹികാന്വേഷണ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

1. ശ്രീ. എം. അബ്ദുൽഖാദർ കുഞ്ഞ്
   (അസി. കോമേഴ്സിയൽ മാനേജർ)
2. ശ്രീ. ആർ. ഭാസ്കരപിള്ള
   (ഗ്രൂപ്പ് മാനേജർ)
3. ശ്രീ. എ. അപ്പുക്കുട്ടൻപിള്ള
   (ഗ്രൂപ്പ് മാനേജർ)

കാപ്പെക്സിലെ ഒരു മാനേജിംഗ് ഡയറക്ടർ, മുൻ മോണൊപ്പൊളി മാനേജർ, മൂന്നു ഫാക്ടറിമാനേജർമാർ, ഒരു ഫാക്ടറിക്ലാർക്ക്, ഒരു വാച്ചർ എന്നിവരുടെ പേരിൽ അന്വേഷണം നടന്നുവരുന്നു.

കാപ്പെക്സ് എം.ഡി.യുടെ യാത്രാച്ചെലവ്

34 (2831)ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-'98 കാലയളവിൽ തിരുവനന്തപുരത്ത് താമസിച്ച് ഓഫീസ് കാറിൽ കൊല്ലത്ത് പോയിവരാൻ കാപ്പെക്സ് എം.ഡി ക്ക് ഗവൺമെന്റ് അനുവാദം നൽകിയിരുന്നോ; എങ്കിൽ ഉത്തരവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) അനധികൃതമായിട്ടാണ് യാത്ര ചെയ്തതെങ്കിൽ ചെലവായ തുക വ്യക്തിയിൽനിന്നും ഈടാക്കാൻ ഇതിനകം ഗവൺമെന്റ് സ്വീകരിച്ചനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996-'98 കാലയളവിൽ തിരുവനന്തപുരത്ത് താമസിച്ച് ഓഫീസ് കാറിൽ കൊല്ലത്ത് പോയിവരാൻ കാപ്പെക്സ് എം.ഡി.യ്ക്ക് ഗവൺമെന്റ് അനുവാദം നൽകിയിരുന്നില്ല.

(ബി) അനധികൃതമായി യാത്ര ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൊല്ലം കാപ്പെക്സിനുവേണ്ടി സാധനങ്ങൾ വാങ്ങൽ

35 (2832)ശ്രീ. ചെർക്കുളം അബ്ദുള്ള :
ശ്രീ. സി.ടി. അഹമ്മദ് അലി :

എ.വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly